**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1057** **18-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹത്തിലുൾപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിന് കാട്ടിൽ പോകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിന് കാട്ടിൽ പോകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരെ കാട്ടിനുള്ളിൽ വച്ച് വന്യമൃഗങ്ങളുടെ മുന്നിൽപ്പെട്ട് അപകടമുണ്ടായ സംഭവങ്ങൾ സംസ്ഥാനത്ത് ചിലയിടങ്ങളിൽ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ട്. |
| (ബി) | വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ആദിവാസി സമൂഹത്തിൽപ്പെട്ടവർ വനാതിർത്തിയോട് ചേർന്ന് വനത്തിന് പുറത്തുള്ള പ്രദേശങ്ങളിലും വനത്തിനുള്ളിലും താമസിക്കുന്നുണ്ട്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കായി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ്, ഹാംഗിങ്ങ് സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്ത് ദ്രുത കർമ്മ സേന (RRT), സന്നദ്ധ പ്രാഥമിക പ്രതികരണ സേന (PRT) എന്നിവയും പ്രവർത്തിക്കുന്നുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സുരക്ഷയ്ക്കായി ആദിവാസി ഉന്നതികളിലേക്കുള്ള പാതയോരങ്ങളിലും ഉന്നതിയ്ക്ക് ചുറ്റുമുള്ള വനാതിർത്തിയിലും മേൽപറഞ്ഞിട്ടുള്ള പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ഉന്നതികളിൽ വേണ്ടത്ര പരിപാലനമില്ലാതെ ഉപയോഗ ശൂന്യമായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ കാട് വെട്ടി തെളിച്ചിടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വനപാതകളിലൂടെ യാത്ര ഒഴിവാക്കുന്നതിന് പ്രേരണയും ബോധവത്കരണവും നടത്തുന്നു. വനപാതകളിൽ സോളാർ വഴിവിളക്കുകൾ/ സ്ട്രീറ്റ് |

| | | | |
|---|---|---|---|
| | | | ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സെറ്റിൽമെന്റുകളിലേക്ക് വരുന്ന കാനന പാതകളുടെ ഇരുവശവും മൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി വിസ്ത ക്ലിയറൻസ് നടത്തുന്നുണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനായി സുരക്ഷിതമായ വഴികൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ആദിവാസി സമൂഹത്തിൽപ്പെട്ടവർ വനാതിർത്തിയോട് ചേർന്ന് വനത്തിന് പുറത്തുള്ള പ്രദേശങ്ങളിലും വനത്തിനുള്ളിലും താമസിക്കുന്നുണ്ട്. വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കായി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ്, ഹാംഗിങ്ങ് സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്ത് ദ്രുത കർമ്മ സേന (RRT), സന്നദ്ധ പ്രാഥമിക പ്രതികരണ സേന (PRT) എന്നിവയും പ്രവർത്തിക്കുന്നുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സുരക്ഷയ്ക്കായി ആദിവാസി ഉന്നതികളിലേക്കുള്ള പാതയോരങ്ങളിലും ഉന്നതിയ്ക്ക് ചുറ്റുമുള്ള വനാതിർത്തിയിലും മേൽപറഞ്ഞിട്ടുള്ള പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി ഉന്നതികളിൽ വേണ്ടത്ര പരിപാലനമില്ലാതെ ഉപയോഗ ശൂന്യമായി കിടക്കുന്ന കൃഷി സ്ഥലങ്ങൾ കാട് വെട്ടി തെളിച്ചിടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വനപാതകളിലൂടെ യാത്ര ഒഴിവാക്കുന്നതിന് പ്രേരണയും ബോധവത്കരണവും നടത്തുന്നു. വനപാതകളിൽ സോളാർ വഴിവിളക്കുകൾ/ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സെറ്റിൽമെന്റുകളിലേക്ക് വരുന്ന കാനന പാതകളുടെ ഇരുവശവും മൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി വിസ്ത ക്ലിയറൻസ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ